**No. CEE/5454/2018/KEAM-2019/TA1**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള പ്രവേശനം–2019

**ന്യൂനപക്ഷ സമുദായ ക്വാട്ട സീറ്റിലേയ്ക്ക് അർഹരായ വിദ്യാർത്ഥികളുടെയും,**
**സ്വാശ്രയ എം.ബി.ബി.എസ്/ബി.ഡി.എസ്**
**എൻ.ആർ.ഐ ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികളുടെയും ശ്രദ്ധയ്ക്ക്**

കേരളത്തിലെ ന്യൂനപക്ഷ പദവിയുള്ള സ്വാശ്രയ കോളേജുകളിലെ ക്രിസ്ത്യൻ/മുസ്ലീം ന്യൂനപക്ഷ സമുദായ ക്വാട്ട സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ വില്ലേജ് ഓഫീസറിൽ നിന്നും സമുദായം തെളിയിക്കുന്നതിനായി നൽകിയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ യോഗ്യരായവരുടെ പുതുക്കിയ ലിസ്റ്റും, 2019–20 അധ്യയന വർഷം സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ/ ദന്തൽ കോളേജു കളിൽ ലഭ്യമായ 15% എൻ.ആർ.ഐ ക്വാട്ടാ സീറ്റുകളിലെ പ്രവേശനത്തിനായി ആവശ്യപ്പെട്ടിരുന്ന രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലൂടെ നിശ്ചിത സമയ ത്തിനകം അപ്‌ലോഡ് ചെയ്തിരുന്ന അപേക്ഷകരുടെ ലിസ്റ്റും **www.cee.kerala.gov.in, www.cee-kerala.org** എന്നീ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടവർ (ന്യൂനപക്ഷ സമൂദായ ക്വാട്ട സീറ്റിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികളും സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ എൻ.ആർ.ഐ ക്വാട്ടാ സീറ്റുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികളും) ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ സമയത്ത് താൽപര്യമുള്ള കോളേജുകളിലെ ന്യൂനപക്ഷ, എൻ.ആർ.ഐ ക്വാട്ടാ സീറ്റുകളിലേയ്ക്കുള്ള ഓപ്ഷൻ രജിസ്ട്രേഷൻ നടത്തിയിരിക്കണം. ഇത്തരത്തിൽ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ അവർ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പോലും അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല. ഓപ്ഷൻ രജിസ്ട്രേഷൻ 06.07.2019 രാവിലെ 10.00 മണിയ്ക്ക് അവസാനിക്കുന്നതായിരിക്കും.

**ഹെൽപ് ലൈൻ നമ്പർ: 0471-2332123, 2339101, 2339102, 2339103 & 2339104 (10 am- 5pm)**

തിരുവനന്തപുരം
04.07.2019

**പ്രവേശന പരീക്ഷാ കമ്മീഷണർ**